പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ: **2237**

26.03.2013-ൽ മറുപടിക്ക്

പബ്ലിക് സെക്ടർ എൻറർപ്രൈസസ് ബോർഡ് രൂപീകരിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എ.പ്രദീപ് കുമാർ<br>ശ്രീ.കെ.വി.അബ്ദുൾ ഖാദർ<br>ശ്രീ.ആർ.രാജേഷ്<br>ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും, വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |
| **(എ)** നിലവിലുള്ള ബ്യൂറോ ഓഫ് പബ്ലിക് എൻറർപ്രൈസസും റിയാബും സംയോജിപ്പിച്ച് ഒരു പബ്ലിക് സെക്ടർ എൻറർപ്രൈസസ് ബോർഡ് രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; | **(എ)** ഈ നിർദ്ദേശം സർക്കാരിൻെറ പരിഗണനയിലാണ്. |
| **(ബി)** എങ്കിൽ അതിൻെറ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; | **(ബി)** പബ്ലിക് സെക്ടർ എൻറർപ്രൈസസ് ബോർഡ് രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഈ ബോർഡിൻെറ പ്രാരംഭപ്രവർത്തനങ്ങൾക്കായി രണ്ടു കോടിരൂപ 2012–13 സാമ്പത്തികവർഷം ബഡ്ജറ്റിൽ പ്രഖ്യാപിക്കുകയും അതിൻെറ അടിസ്ഥാനത്തിൽ ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. |
| **(സി)** നിർദ്ദിഷ്ട ബോർഡിൻെറ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; | **(സി)** പൊതുമേഖലാസ്ഥാപനങ്ങളുടെ പ്രവർത്തനം ലാഭകരമാക്കാനും കാര്യക്ഷമതയും പ്രൊഫഷണലിസവും ഉറപ്പുവരുത്തുവാനും കമ്പനികളുടെ പ്രവർത്തനം അവലോകനം നടത്താനും ഡയറക്ടർ ബോർഡുകളിലും ഉയർന്ന തസ്തികകളിലും യോഗ്യതയും പരിചയ സമ്പത്തും ഉള്ളവരെ തിരഞ്ഞെടുക്കുവാനും, പൊതുമേഖലാസ്ഥാപനങ്ങളുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനും സുതാര്യമാക്കുന്നതിനും വേണ്ടിയാണ് നിലവിലുള്ള ബ്യൂറോ ഓഫ് പബ്ലിക് എൻറർപ്രൈസസും (BPE) റീസ്ട്രക്ച്ചറിംഗ് ആൻറ് ഇൻേറണൽ ആഡിറ്റ് |

ബോർഡും (RIAB) സംയോജിപ്പിച്ച് പബ്ലിക് സെക്ടർ എൻറർപ്രൈസസ് ബോർഡ് രൂപീകരിക്കുവാൻ നിർദ്ദേശിച്ചിട്ടുള്ളത്.

(ഡി) പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിൽ നിശ്ചിത മികവ് ഉറപ്പാക്കുന്നതിനായി കേന്ദ്ര സർക്കാരും കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളും തമ്മിൽ ഉണ്ടാക്കിയ എം.ഒ.യു-വിൻെറ മാതൃകയിൽ കേരളത്തിലും ഇത്തരം ധാരണാപത്രം ഒപ്പുവയ്ക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ഡി) & (ഇ) സംസ്ഥാനത്തെ വ്യവസായവകുപ്പിൻെറ അധീനതയിലുള്ള പൊതുമേഖലാസ്ഥാപനങ്ങളിൽ MoU സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. MOU സംവിധാനം നടപ്പിലാക്കുന്നതു വഴി പൊതുമേഖലാസ്ഥാപനങ്ങളുടെ ഉൽപ്പാദനക്ഷമത, വിറ്റുവരവ്, ലാഭം, സാമ്പത്തിക അച്ചടക്കം, ഉൽപ്പന്നത്തിൻെറ ഗുണമേന്മയും അംഗീകാരവും, തൊഴിലാളി-മാനേജ്മെൻറ് ബന്ധം, Research & Development സ്ഥാപനങ്ങളുമായുള്ള ബന്ധം, സാമൂഹിക പ്രതിബദ്ധത എന്നീ മേഖലകളിൽ വ്യവസായങ്ങൾ കൈവരിക്കേണ്ട നേട്ടങ്ങൾ മുൻ കൂട്ടി നിശ്ചയിച്ച് വിലയിരുത്തുന്നതു കൊണ്ട് കമ്പനികളുടെ മൊത്തത്തിലുള്ള പ്രവർത്തന ക്ഷമതയും സുതാര്യതയും വർദ്ധിക്കുന്നതാണ്. ഈ സാമ്പത്തികവർഷം 21 സ്ഥാപനങ്ങളുടെ പരീക്ഷണാടിസ്ഥാനത്തിലുള്ള MoU തയ്യാറാക്കു കയും അവയിൽ 10 സ്ഥാപനങ്ങളുടെ അവലോകനം (External Evaluation) നടത്തുന്നതിനായി Centre for Management Development- നെ ഏൽപ്പിച്ചിരിക്കുകയുമാണ്.

(ഇ) എങ്കിൽ ഈ ധാരണാപത്രത്തിലെ വ്യവസ്ഥകൾ എന്താണെന്നും എന്ന് ഇത് പ്രാവർത്തികമാക്കാമെന്നും വിശദമാക്കാമോ?

Ajithab

സെക്ഷൻ ഓഫീസർ